# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട് – മുഖപത്രം**

ലക്കം –1 പുസ്തകം – 4 മെയ്– 2008


# വി. ബി. എസ്. സമാപിച്ചു




*ജെ. എസ്. വി. ബി. എസ്. സമാപനത്തോടനുബന്ധിച്ച് നടത്തിയ കുട്ടികളുടെ റാലി*

മണർകാട്: വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള വി.ബി.എസ്. ഏപ്രിൽ 19–ാം തീയതി സമാപിച്ചു. മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ കുട്ടികൾ വി. ബി. എസ്.–ൽ സംബന്ധിച്ചു.

സമാപനത്തിനോടനുബന്ധിച്ച് പള്ളി അങ്കണത്തിൽ നിന്നും ആരംഭിച്ച കുട്ടികളുടെ റാലി കണിയാംകുന്ന്, മണർകാട് കവല എന്നിവിടങ്ങളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി പള്ളിയിൽ തിരിച്ചെത്തി. വിദ്യാർത്ഥികൾ അവതരിപ്പിച്ച നിശ്ചലദൃശ്യങ്ങളും, കലാപരിപാടികളും റാലിക്ക് കൊഴുപ്പേകി. തുടർന്നു നടന്ന സമ്മേളനത്തിൽ സമ്മാനാർഹരായ കുട്ടികൾക്കും അദ്ധ്യാപകർക്കും വിവിധ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ച ക്ലാസ്സുകൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രത്യേക സമ്മാനങ്ങളും ഏർപ്പെടുത്തിയിരുന്നു.

സമാപന സമ്മേളനം എം. ജെ. എസ്. എസ്. എ. കോട്ടയം ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസി അട്ടച്ചിറ ഉദ്ഘാടനം ചെയ്തു. വികാരി വന്ദ്യ ദിവ്യശ്രീ ഇ. ടി. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. മാത്യു എം. ബാബു, പള്ളി ട്രസ്റ്റിമാർ, സെക്രട്ടറി, സണ്ടേസ്കൂൾ പ്രതിനിധി തുടങ്ങിയവർ സംസാരിച്ചു. പള്ളിയുടെ വിവിധ കരകളിലേക്ക് വാഹനസൗകര്യം ഏർപ്പെടുത്തിയതിനാൽ ധാരാളം അദ്ധ്യാപകർക്കും കുട്ടികൾക്കും വി.ബി.എസിൽ സംബന്ധിക്കുവാൻ സാധിച്ചു.



75–ാമത് ജന്മദിനം ആഘോഷിച്ച ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് സക്കാ ഐവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവായ്ക്ക് യൂത്ത് അസോസിയേഷൻ മണർകാട് യൂണിറ്റിന്റെ ആശംസകൾ

# യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാരംഭ ധ്യാനം

മണർകാട്: വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള വിദ്യാരംഭ ധ്യാനം മെയ് മാസം 31–ാം തീയതി ശനിയാഴ്ച രാവിലെ 9.30–ന് വിശുദ്ധ മർത്തമറിയം യാക്കോബായ സിറിയൻ കത്തീഡ്രലിൽ വെച്ച് നടത്തുന്നു.

ശ്രീമതി സുജാ പി. ഏബ്രഹാം, പ്രിൻസിപ്പൽ യൂണിവേഴ്സിറ്റി ബി.എഡ്. സെന്റർ കുടമാളൂർ ക്ലാസ്സ് നയിക്കുന്നു.

ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ രീതിയിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ദൈവസന്നിധിയിൽ പ്രാർത്ഥനയോടും ധ്യാനത്തോടും കൂടി ഒരു പുതിയ വർഷം ആരംഭിക്കുന്നതിന് ഈ അവസരം പ്രയോജനപ്പെടും.

ക്ലാസ്സിനെത്തുടർന്ന് റവ. ഫാ. കുറിയാക്കോസ് കാലായിൽ, റവ. ഫാ. മാത്യൂസ് മണവത്ത് എന്നിവരുടെ നേതൃത്വത്തിൽ ധ്യാന ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. പുതിയ അധ്യയന വർഷം ആരംഭിക്കുന്ന ഈ സമയത്ത് എല്ലാ വിദ്യാർത്ഥികളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് താൽപര്യപ്പെടുന്നു.


**With best Compliments from:**

**ROYAL BOOK DEPOT**
College Road, Kottayam
• Publishers • Book Sellers
• Stationary Dealers
Phone : 0481 - 2567023

**ROYAL OFFSET PRINTERS**
Muringampadam Chambers
Near CMS College, Kottayam
• Quality Offset Printers •
Phone : 0481 - 2560355

## പ്രതിമാസ സായാഹ്ന ധ്യാനം

മണർകാട് സെന്റ് മേരീസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള പ്രതിമാസ സായാഹ്ന ധ്യാനം 2008 മെയ് 28, 29, 30 (ബുധൻ, വ്യാഴം, വെള്ളി) ദിവസങ്ങളിൽ നടത്തപ്പെടുന്നു. മെയ് 28 ബുധൻ റവ. ഫാ. സോണി തെക്കുംമുറിയിൽ പൗരസ്ത്യവിദ്യാപീഠം, വടവാതൂർ. 29 വ്യാഴം റവ. ഫാ. വറുഗീസ് പനച്ചിയിൽ, 30 വെള്ളി റവ. സിസ്റ്റർ ജർമ്മയിൻ കോതമംഗലം എന്നിവർ ധ്യാന പ്രസംഗം നടത്തുന്നു. സമർപ്പണ പ്രാർത്ഥനയ്ക്ക് റവ. ഫാ. മാത്യൂസ് മണവത്തും ധ്യാനയോഗങ്ങൾക്ക് റവ. ഫാ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ ഇട്ട്യാടത്ത് (വികാരി) എന്നിവർ നേതൃത്വം നൽകുന്നു. കേഫാ മണർകാട് യൂണിറ്റിന്റെ സഹകരണത്തിലാണ് യോഗം നടത്തുന്നത്.

## സൺഡേസ്കൂൾ വാർഷികം

മണർകാട് വി. മർത്തമറിയം സെൻട്രൽ സണ്ടേസ്കൂളിന്റെ വാർഷികം മെയ് 18-ാം തീയതി സണ്ടേസ്കൂൾ ഹാളിൽവെച്ച് നടത്തി. റവ. ഫാ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ട്യാടത്ത് യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ കോട്ടയം ബാബു രാജ് കുട്ടികൾക്കും മാതാപിതാക്കൾക്കും ക്ലാസ്സ് എടുത്തു. റവ. ഫാ. മാത്യു എം. ബാബു സമ്മാനദാനം നടത്തി. സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ എം. പി. ജേക്കബ്, സണ്ടേസ്കൂൾ പ്രതിനിധി ചെറീഷ് കെ. മാണി, ബൈജു വെള്ളാപ്പള്ളിൽ, ശ്രീ സന്ദീപ് ജോർജ്ജ് പറമ്പുകര, ശ്രീ സന്തോഷ്കുട്ടി കണിയാംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തി

പറമ്പുകര സെന്റ്മേരീസ് സൺഡേസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് മധുര അരവിന്ദ് ആശുപത്രിയിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ മെയ് 11-ാം തീയതി സൗജന്യ നേത്രപരിശോധന ക്യാമ്പ് നടത്തി. ക്യാമ്പിൽ പങ്കെടുത്ത കണ്ണട ആവശ്യമായി വന്നവർക്ക് സൗജന്യമായി കണ്ണട വിതരണവും നടത്തി.

വെരി. റവ. ഫാ. ഇ. ടി. കുര്യാക്കോസ് കോർ-എപ്പിസ്കോപ്പ ഇട്ട്യാടത്ത്, എം. എം. തോമസ് മരവത്ത്, റ്റി. സി. ചാക്കോ തണ്ടാശ്ശേരിൽ, പി. കെ. കൊച്ചാപ്പി പള്ളത്ത് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. നൂറുകണക്കിന് ആളുകൾ പങ്കെടുത്ത ഈ ക്യാമ്പ് ഒരു വൻ വിജയമായിരുന്നു.

## സന്ധിവാതരോഗ പരിശോധനക്യാമ്പ് നടത്തി

മണർകാട്: മണർകാട് സെന്റ് മേരീസ് ഹോസ്പിറ്റലിലെ അസ്ഥിരോഗ വിഭാഗവും റ്റി. ജെ. എം. ഓർത്തോപീഡിക് റിസർച്ച് ഫൗണ്ടേഷനും സംയുക്തമായി ഏപ്രിൽ 19-ാം തീയതി ശനിയാഴ്ച സന്ധിവാതരോഗ പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ വിദഗ്ധ ഡോക്ടർ സന്ധിവാതം ആമവാതം തുടങ്ങിയ രോഗങ്ങളുടെ ചികിത്സ സംബന്ധിച്ച സംശയങ്ങൾക്ക് വിശദീകരണം നൽകി.

ബഹു. അച്ചന്മാർ, ട്രസ്റ്റിമാർ, സെക്രട്ടറി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## മെഡിക്കൽ ക്യാമ്പ് നടത്തി

മണർകാട്: സെന്റ് മേരീസ് ഹോസ്പിറ്റലിലെ മെഡിസിൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 10-ാം തീയതി ഹോസ്പിറ്റലിൽവെച്ച് ക്യാമ്പ് നടത്തി. ഡോ. എൻ. ടി. എബ്രഹാം, ഡോ. രജ്ഞിത്ത് ജോൺ, ഡോ. അരുൺ ചെറിയാൻ എന്നിവർ രോഗികളെ പരിശോധിച്ചു. ആദ്യം രജിസ്റ്റർ ചെയ്ത 150 രോഗികൾക്ക് രജിസ്ട്രേഷൻ ഫീസും, മരുന്നും സൗജന്യമായിരുന്നു. ബഹു. അച്ചന്മാർ, ട്രസ്റ്റിമാർ, സെക്രട്ടറി എന്നിവർ നേതൃത്വം നൽകി.

മണർകാട് ഹോസ്പിറ്റലിൽ എല്ലാ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 3.00 മുതൽ 5.00 വരെ ഗൈനക്കോളജി വിഭാഗത്തിൽ സൗജന്യ പരിശോധന സൗകര്യം , എല്ലാദിവസവും 8.30 മുതൽ 2.00 വരെ ഡെന്റൽ സർജൻ, എല്ലാമാസവും രണ്ടാം ശനിയാഴ്ച ഡെന്റൽ സ്പെഷ്യലിസ്റ്റ്, ത്വക്ക് രോഗ വിഭാഗത്തിൽ എല്ലാ ചൊവ്വാഴ്ചയും ശനിയാഴ്ചയും വൈകിട്ട് 4 മുതൽ 6 വരെയും, ഓർത്തോപീഡിക് വിഭാഗത്തിൽ ഡോ. കെ. എം. മാത്യു എല്ലാ ദിവസവും വൈകിട്ട് 3 മുതൽ 5 വരെയും രോഗികളെ പരിശോധിക്കുന്നതാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു.

## കൃപാധാര ഉദ്ഘാടനം ചെയ്തു



കോട്ടയം ഭദ്രാസന പ്രാർത്ഥനാ സമാജത്തിന്റെ നേതൃത്വത്തിൽ കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ കൃപാധാരയുടെ ഉദ്ഘാടനം വി. എൻ. വാസവൻ എം. എൽ. എ. നിർവ്വഹിക്കുന്നു. അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത, കളക്ടർ ഷർമ്മിള മേരി ജോസഫ് തുടങ്ങിയവർ സമീപം

കോട്ടയം: യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കോട്ടയം ഭദ്രാസന പ്രാർത്ഥനാ സമാജം കൃപാധാര ഉദ്ഘാടനം ചെയ്തു.

മെയ് 20-ന് രാവിലെ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയോടെ തുടക്കം കുറിച്ചു.

അഭി. തോമസ് മോർ തീമോത്തിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം വി. എൻ. വാസവൻ എം.എൽ. എ. ഉദ്ഘാടനം ചെയ്തു. ജീവകാരുണ്യ സഹായ വിതരണം ജില്ലാ കളക്ടർ ഡോ. ഷർമിള മേരി ജോസഫ് നിർവ്വഹിച്ചു. വെരി. റവ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ കിഴക്കേടത്ത്, ഫാ. ജോസ് കോട്ടയിൽ, ഫാ. പി. ടി. തോമസ്, ഫാ. ഗീവർഗീസ് നടുമുറിയിൽ എന്നിവർ പ്രസംഗിച്ചു.

## പുതുപ്പള്ളി സെന്റ് ജോർജ്ജ് പാത്രിയർക്കൽ പള്ളി പെരുന്നാൾ

പുതുപ്പള്ളി: പുതുപ്പള്ളി സെന്റ് ജോർജ്ജ് പാത്രിയർക്കൽ പള്ളിയിലെ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ്മാസം 10, 11 തീയതികളിൽ പൂർവ്വാധികം ഭംഗിയായി ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു.

കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മോർ തേവോദോസിയോസിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് ഭക്തിനിർഭരമായ റാസ, ആശീർവ്വാദം, നേർച്ച സദ്യ എന്നിവയും നടത്തപ്പെട്ടു.

അഖില മലങ്കര സണ്ടേസ്കൂൾ 10-ാം ക്ലാസ് പരീക്ഷയിൽ കോട്ടയം ഭദ്രാസനത്തിൽനിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥിക്ക് ഇഞ്ചക്കാട് തോമസ് മാത്യു മെമ്മോറിയൽ എൻഡോവ്മെന്റ് വിതരണം ചെയ്തു.

അനേകായിരം വിശ്വാസികൾ പങ്കെടുത്തു. വികാരി കണ്ടാന്ത്ര തോമസ് കുര്യൻ കശ്ശീശ, സഹവികാരി വെരി. റവ. കുര്യൻ കോറെപ്പിസ്കോപ്പ മാലിയിൽ, ട്രസ്റ്റി ഇ.വി.ജോൺ ഇഞ്ചക്കാട്ട്, സെക്രട്ടറി തോമസ് തോമസ് പഴയതുരുത്തേൽ, ജനറൽ കൺവീനർ ചാക്കോ സ്റ്റീഫൻ മള്ളിയിൽ എന്നിവർ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## സാമൂഹിക പ്രതിബദ്ധതയുള്ള വ്യക്തികളെ വാർത്തെടുക്കാൻ യുവജന പ്രസ്ഥാനങ്ങൾക്ക് കഴിയണം: അഭി. തോമസ് മോർ തീമോത്തിയോസ്



യാക്കോബായ സഭ യൂത്ത് അസോസിയേഷൻ കോട്ടയം ഭദ്രാസന വാർഷികസമ്മേളനം വെള്ളൂർ സെന്റ് സൈമൺസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ അഭി. ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

കോട്ടയം: സാമൂഹിക പ്രതിബദ്ധതയുള്ള വ്യക്തികളെ വാർത്തെടുക്കാൻ യുവജന പ്രസ്ഥാനങ്ങൾക്ക് കഴിയണമെന്ന് യാക്കോബായ സഭ കോട്ടയം ഭദ്രാസനാധിപൻ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത. യാക്കോബായ സഭാ യൂത്ത് അസോസിയേഷൻ കോട്ടയം ഭദ്രാസന വാർഷിക സമ്മേളനം പാമ്പാടി വെള്ളൂർ സെന്റ് സൈമൺസ് യക്കോബായ സുറിയാനി പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമകാലിക പ്രശ്നങ്ങൾ മനസ്സിലാക്കാനും വെല്ലുവിളികൾ ഏറ്റെടുത്ത് യാഥാർത്ഥ്യബോധത്തോടെ പ്രതികരിക്കാനും യുവജനങ്ങൾക്ക് കഴിയണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

യാക്കോബായ സഭ കോട്ടയം ഭദ്രാസന സെക്രട്ടറി വെരി. റവ. കുര്യാക്കോസ് കിഴക്കേടത്ത് കോർ എപ്പിസ്കോപ്പ അദ്ധ്യക്ഷത വഹിച്ചു. വെരി. റവ. കുര്യൻ കോർ എപ്പിസ്കോപ്പ മാലിയിൽ, ഫാ. ചെറിയാൻ കോട്ടയിൽ, ഫാ. കുര്യാക്കോസ് കാലായിൽ, ഫാ. ഗീവർഗീസ് നടുമുറിയിൽ, ഡീക്കൻ വിജി കുരുവിള, യൂത്ത് അസോസിയേഷൻ ദേശീയ വൈസ് പ്രസിഡന്റ് ഷൈജു സി. ഫിലിപ്പ്, ഭദ്രാസന സെക്രട്ടറി തോമസ് വർഗീസ്, വൈസ് പ്രസിഡന്റ് അഖിൽ ജേക്കബ് ജോർജ്ജ് തുടങ്ങിയവർ പ്രസംഗിച്ചു.

## മെയ് മാസത്തിൽ ഓർമിക്കാൻ

1. പ്രവാചകന്മാരായ മോശയും, യിരെമ്യാവും, സെബദിയുടെ പുത്രനായ വലിയ മോർ യാക്കോബ് (എഡി 44) തെഗ്രീസിലെ മോർ മോറൂസൊ (എഡി 649) കർത്തമീനിലെ മോർ ഗബ്രിയേലിന്റെ മരണം (എഡി 684), സ്വർഗ്ഗാരോഹണം.
2. തെഗ്രീസിലെ മോർ ആഹൂദേമ്മേ (എഡി 575) നീതിമാനായ നോഹ, മോർത്ത് ബർബറ, കാത്തിരിപ്പിന്റെ ദിവസങ്ങളുടെ ആരംഭം.
3. കർത്താവിന്റെ സഹോദരനായ മോർ യാക്കോബ് ശ്ലീഹാ (എഡി 62)
5. റ്റെല്ലായിലെ മോർ കുര്യാക്കോസ് (എഡി 591)
6. അന്ത്യോഖ്യായിലെ ആദ്യത്തെ മെത്രാൻ ആയ മോർ ഏവോദിയോസിയോസ്, പരിശുദ്ധന്മാരായ മോർ സർഗീസും മോർ ബാക്കോസും (എഡി 312)
7. കുസ്തന്തിനോസ് ചക്രവർത്തിയ്ക്ക് വി. സ്ലീബാ കാണപ്പെട്ടതിന്റെ ഓർമ്മ, ഉറഹായിലെ മോർ ഹാബീബ് എപ്പിസ്ക്കോപ്പാ
8. മോർ യൂഹാനോൻ ശ്ലീഹായും സഹോദരനായ യാക്കോബും, ആബോ അർസ്സേനിയോസ്, മോർ തോമ്മാ V (നിരണം എഡി 1765) മോർ ഈവാനിയോസ് ഫീലിപ്പോസ് (വെള്ളൂർ എഡി 1988)
9. പ്രവാചകനായ മോർ ഏശയാ രക്തസാക്ഷിയായ മോർ ഫാക്കോമിയോസ് (എഡി 846)
10. വൈരാഗ്യക്കാരനായ മോർ ശേമവൂൻ ശ്ലീഹാ.
11. നിസ്ബിസിലെ മോർ യാക്കോബ് (എഡി 338 ഇദ്ദേഹത്തിന്റെ കബറിൽ നിന്നും എണ്ണ ഒഴുകുന്നു), പെന്തിക്കോസ്തി
12. റോമിൽ വെച്ച് രക്തസാക്ഷിത്വം പ്രാപിച്ച മോർ അസ്സാസായേൽ (എഡി 304), താപസികളിൽ പ്രധാനിയായ മോർ അസ്സാസായേൽ (എഡ 304), താപസികളിൽ പ്രധാനിയായ മോർ അഹറോൻ ബാവാ
13. നിനവയിലെ മോർ ഇസഹാക്ക് (ഏഴാം നൂറ്റാണ്ട്)
15. കതിരുകൾക്ക് വേണ്ടി ദൈവമാതാവിന്റെ ഓർമ്മ
16. മോർ അന്ത്രയോസ് ശ്ലീഹാ, മോർ ദിവന്നാസിയോസ് ഗീവർഗീസ് III (കോട്ടയം എഡി 1825) 1600 രക്തസാക്ഷികൾ, സ്വർണ്ണ വെള്ളി (പത്രോസ് ശ്ലീഹായും യോഹന്നാൻ ശ്ലീഹായും മുടന്തനെ സൗഖ്യമാക്കിയതിന്റെ ഓർമ്മ)
17. കർത്താവിന്റെ സഹോദരനായ മോർ യൂദാ ശ്ലീഹാ, ആബോ ഫാക്കോ
19. രക്തസാക്ഷിയായ അഗ്രിപ്പാ
20. നാല് സുവിശേഷകന്മാർ, മൂന്നു പൊതു സുന്നഹദോസുകളിലെ പിതാക്കന്മാർ
23. മൗദ്യോനോയും എപ്പിസ്ക്കോപ്പായുമായ മോർ മീഖായേൽ
24. ശ്മീശത്തിലെ മോർ യൗസേബിയോസ്
25. അലക്സാണ്ട്രിയായിലെ മോർ പത്രോസ് പാത്രിയർക്കീസ് (എഡി 311)
28. സൂഗ്രിലെ മോർ അഹറോൻ
29. ഉറഹായിലെ മോർ യാക്കോബ്
30. മോർ കൂറിലോസ് മർക്കോസ് (കോട്ടയം പങ്ങട, എഡി 2005)
31. വിഷം കഴിപ്പിച്ചിട്ടും മരിക്കാതിരുന്ന മോർ അർമേനോസ് രക്തസാക്ഷി, യെരുശലേമിലെ മോർ യൂദാ എപ്പിസ്ക്കോപ്പാ (എഡി 135)

## വധുവിനെ ആവശ്യമുണ്ട്

കോട്ടയത്ത് നിപ്പോൺ ടൊയോട്ടായിൽ ജോലിയുള്ള(സെയിൽസ്) യാക്കോബായ യുവാവ് (32), 167 സെ. മീ ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ബന്ധപ്പെടുക. ഫോൺ: 2542483, 9895368113

# വിശുദ്ധ അത്താനാസ്യോസ് (295 – 373)

ആബൂൻ

ശ്ലൈഹികവും കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ചു നമുക്കേല്പിച്ചു തന്ന പിതാക്കന്മാരിൽ പ്രധാനിയും സമർത്ഥനും വലിയ ദൈവശാസ്ത്രജ്ഞനുമായിരുന്നു അലക്സാന്ത്രിയായിലെ വി. അത്താനാസ്യോസ്. നിഖ്യാവിശ്വാസം ഉറക്കെ പ്രഖ്യാപിക്കുന്നതിനും അറിയൂസിന്റെ വേദവിപരീതത്തിനെതിരായി ജനങ്ങളെ പഠിപ്പിക്കുന്നതിനും അദ്ദേഹം അശ്രാന്ത പരിശ്രമം നടത്തി. നാസിയാൻസിയിലെ വി. ഗ്രീഗോറിയോസിന്റെ വാക്കുകളിൽ 'സഭയുടെ തൂണ്' ആയ അത്താനാസിയോസ് '5' പ്രാവശ്യം നാടുകടത്തപ്പെട്ടു. 17 പ്രാവശ്യം പ്രവാസത്തിൽ കഴിയുകയും ചെയ്തു.

ഏ.ഡി. 295 ൽ അലക്സാന്ത്രിയായിലുള്ള ഒരു ക്രിസ്തീയ കുടുംബത്തിൽ അത്താനാസ്യോസ് ഭൂജാതനായി. ഒന്നാം ശതകത്തിലെ ഏറ്റവും പ്രസിദ്ധ സംസ്കാര കേന്ദ്രമായിരുന്ന അലക്സാന്ത്രിയായിൽ ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിന് ബാല്യത്തിൽതന്നെ അദ്ദേഹത്തിനു സൗകര്യം ലഭിച്ചു. വിവിധ ജാതി, മത, രാജ്യസംസ്കാരത്തിൽപ്പെട്ടവർ അവിടെ അധിവസിച്ചിരുന്നതുകൊണ്ട് ആ പട്ടണം സംസ്കാരസമ്പന്നമായി തീരുകയും അവിടുത്തെ ജീവിതം തന്നെ അദ്ദേഹത്തിന് ഒരു വിദ്യാഭ്യാസം ആകുകയും ചെയ്തു.

ബാലനായിരിക്കുമ്പോൾതന്നെ വിശ്വാസകാര്യങ്ങളിൽ ഉണ്ടായിരുന്ന താത്പര്യത്തെ വെളിപ്പെടുത്തുന്നതായ ഒരു കഥയുണ്ട്. ഒരിക്കൽ അലക്സാന്ത്രിയായിലെ കടലോരത്തു കളിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ കൂട്ടുകാരോട് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചു പറയുകയും അവരെ സ്നാനപ്പെടുത്തുകയും ചെയ്തു. ഈ വിവരം അറിഞ്ഞ മെത്രാപ്പോലീത്താ അത്താനാസ്യോസിനെ അരമനയിലേക്കു വിളിപ്പിക്കുകയും പിന്നീട് തന്റെ മേൽനോട്ടത്തിൽ അഭ്യസിപ്പിക്കുകയും ശിഷ്യനാക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ വേദശാസ്ത്രം, തർക്കശാസ്ത്രം, ആത്മീയജീവിതം, ഭൗതികശാസ്ത്രം എന്നിവയിൽ പരിശീലനം നേടി.

ചെറുപ്പകാലം മുതൽക്കേ അത്താനാസ്യോസിനു സന്യാസജീവിതത്തോട് ഒരു പ്രത്യേക മമത ഉണ്ടായിരുന്നു. നൈൽ നദിയുടെ ഇരുഭാഗങ്ങളിലും മരുഭൂമിയിലും വസിച്ചിരുന്ന അനേകം സന്യാസിമാരുമായി ഇടപഴകുകയും ദയറാകളിൽ വസിക്കുകയും ചെയ്തിരുന്നു. ആ കാലഘട്ടത്തിലെ ഏറ്റവും വലിയ വിശുദ്ധനായ അന്തോനിയോസിന്റെ ശുശ്രൂഷകനായി കുറെക്കാലം താമസിക്കുന്നതിനുള്ള അപൂർവ ഭാഗ്യവും അത്താനാസ്യോസിനു ലഭിച്ചു.

അലക്സാന്ത്രിയായിൽ തിരിച്ചെത്തിയ അത്താനാസ്യോസിന് അലക്സാന്ത്രിയോസ് മെത്രാപ്പോലീത്താ ശെമ്മാശുപ്പട്ടം കൊടുക്കുകയും (319) അദ്ദേഹത്തെ തന്റെ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് പുറജാതിക്കാർക്കു വേണ്ടി ഇക്കാലത്ത് ഒരു പുസ്തകം രചിക്കുകയുണ്ടായി.

ക്രിസ്തുവിന്റെ ദൈവത്വം നിഷേധിച്ച അറിയൂസിനെതിരെ അടരാടിയതിന്റെ ഫലമായി അദ്ദേഹം ലോകപ്രസിദ്ധനായി തീർന്നു. അലക്സാന്ത്രിയായിലെ പണ്ഡിതനായ ഒരു പുരോഹിതൻ ആയിരുന്നു അറിയൂസ്. പുത്രൻ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ സ്ഥിതി ചെയ്യുന്നവനാണെന്നും ദൈവം അല്ലാ എന്നുംദൈവസാദൃശ്യമുള്ളവനാണെന്നും, സൃഷ്ടികളുടെ ആരംഭത്തിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും അവൻ പ്രസ്താവിച്ചു. അറിയൂസിന്റെ യുക്തിസഹമായ ഈ ഉപദേശത്തിൽ അനേകം ജനങ്ങൾ വഞ്ചിതരാവുകയും സഭയിൽ കലഹം ഉണ്ടാവുകയും ചെയ്തു. വഞ്ചകനായ അറിയൂസിന്റെ പാഷാണ്ഡോപദേശം ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ പൊളിക്കുമെന്നു മനസ്സിലാക്കിയ അത്താനാസ്യോസ് തന്റെ നാവും തൂലികയും അറിയൂസിനെതിരെ ശക്തിയായി ഉപയോഗിച്ചു. ഈ കലഹം ഈജിപ്തിൽ നിന്നും മറ്റു സ്ഥലങ്ങളിലേക്കും വ്യാപിച്ചു. ദുഃഖകരമായ ഈ വാർത്ത കുസ്തന്തീനോസ് രാജാവിന്റെ അടുക്കലെത്തിയപ്പോൾ സഭയുടെ ഐക്യം പരിപാലിക്കുവാനായി ഒരു പൊതു സുന്നഹദോസ് കൂടുവാൻ നിശ്ചയിച്ചു.

### നിഖ്യാസുന്നഹദോസ്

ഏ.ഡി. 325-ൽ നിഖ്യാപട്ടണത്തിൽ സത്യവിശ്വാസികളായ എപ്പിസ്കോപ്പന്മാരുടെ ഒരു പൊതു സുന്നഹദോസു വിളിച്ചുകൂട്ടി. റോമാ എപ്പിസ്കോപ്പായുടെ പ്രതിനിധികൾ ഉൾപ്പെടെ 318 പിതാക്കന്മാർ അതിൽ സന്നിഹിതരായിരുന്നു. കുസ്തന്തീനോസ് ചക്രവർത്തിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സുന്നഹദോസിൽ അന്ത്യോഖ്യാ പാത്രിയർക്കീസായ വി. ഒസ്താത്യോസിന്റെ അദ്ധ്യക്ഷതയിലാണ് യോഗ നടപടികൾ ആരംഭിച്ചത്. ഇതാണ് ചരിത്രപ്രസിദ്ധമായ നിഖ്യാസുന്നഹദോസ്. അവിടെ കൂടിയിരുന്നവരിൽ ശരീരങ്ങളിൽ പീഡയുടെ വടുക്കളും പാടുകളും ഉള്ള പിതാക്കന്മാരും സന്യാസ ശ്രേഷ്ഠരുമായിരുന്നു ഭൂരിപക്ഷവും. അലക്സാന്ത്രിയോസ് മെത്രാന്റെ സെക്രട്ടറിയായി അത്താനാസ്യോസും സുന്നഹദോസിൽ സംബന്ധിച്ചിരുന്നു. അറിയൂസ് വിളിക്കപ്പെടുകയും വിസ്തരിക്കപ്പെടുകയും ചെയ്തു. അറിയൂസ് സംസാരിച്ചതിനുശേഷം കേവലം 30 വയസ്സുള്ള യുവാവായ അത്താനാസ്യോസ് പൂർവ്വികന്മാരായ പുണ്യപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലെ ഉദ്ധരിണികളും വി. വേദപുസ്തകത്തിലെ തെളിവുകളും കൊണ്ട് അറിയൂസിന്റെ വാദമുഖത്തെ എതിർക്കുകയും മോറാനേശുമിശിഹാ സാരാംശങ്ങളിൽ പിതാവിനോട് സമനാണെന്നു തെളിയിക്കുകയും ചെയ്തു. തന്റെ വാക്ചാതുര്യം ശ്രോതാക്കളെ അത്ഭുതസ്തബ്ദരാക്കുകയും 318 പിതാക്കന്മാരുടെ മുക്തകണ്ഠമായ പ്രശംസക്കു പാത്രീഭവിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ പ്രസംഗം സുന്നഹദോസ് നടപടി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധ സഭയുടെ സത്യവിശ്വാസ സംരക്ഷണത്തിനു വേണ്ടി അദ്ദേഹം ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ഈ സുന്നഹദോസിനു ശേഷം ഇദ്ദേഹം അലക്സാന്ത്രിയായിലെ മെത്രാനായി വാഴിക്കപ്പെട്ടു. അന്നുമുതൽ 46 വർഷത്തേക്ക് അലക്സാന്ത്രിയായിലെ പ്രധാനാചാര്യനായിരുന്നു അദ്ദേഹം. ചക്രവർത്തിയുടെ സഹോദരി, കുസ്തന്ത്യായെ അറിയൂസു പക്ഷക്കാർ സ്വാധീനിക്കുകയും അറിയൂസിനെ തിരികെ കൊണ്ടുവരുകയും ചെയ്തു. നിക്കോമീദിയായിലെ എപ്പിസ്ക്കോപ്പായായ എവുസേബിയോസും ഇതിൽ അറിയൂസിനെ സഹായിച്ചു. തലസ്ഥാന നഗരിയിലെ ദേവാലയത്തിലേക്കു ബലമായി പ്രവേശിക്കുവാൻ വന്ന അറിയൂസ് മാർഗമദ്ധ്യേ നീചമരണം പ്രാപിച്ചു. അറിയൂസിന്റെ അനുയായികൾ തങ്ങളുടെ പ്രവർത്തനം തുടർന്നുകൊണ്ടേയിരുന്നു. മോർ അത്താനാസ്യോസിനെ സിംഹാസനത്തിൽ നിന്നും ബഹിഷ്കരിക്കുവാനായി 335 ൽ ഒരു സുന്നഹദോസ് കൂടുകയും അറിയൂസ് പക്ഷക്കാരായ എപ്പിസ്ക്കോപ്പന്മാർ വി. പിതാവിനെതിരെ മോഷണം, വ്യഭിചാരം, കൊലപാതകം മുതലായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു. ഇതു തെളിയാതെ വന്നപ്പോൾ രാജ്യദ്രോഹകുറ്റം ചുമത്തി അദ്ദേഹത്തെ നാടുകടത്തി. ഇങ്ങനെ അനേക വർഷത്തോളം സത്യവിശ്വാസത്തിനുവേണ്ടി അത്താനാസ്യോസ് പീഡനത്തിലും പ്രവാസത്തിലും കഴിച്ചുകൂട്ടേണ്ടിവന്നു. ഈ കഷ്ടപ്പാടുകൾ ഉണ്ടായിട്ടും തന്റെ വിശ്വാസം ത്യജിക്കാനോ അതിന്റെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുവാനോ

*(ശേഷം പേജ് 6-ൽ)*

# ദുഖ്റോനോ



**ഫിലിപ്പോസ് മോർ ഈവാനിയോസ്**

**വെള്ളൂർ**



**മർക്കോസ് മോർ കൂറിലോസ്**

**പങ്ങട, പാമ്പാടി**



യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജെ. എസ്. വി. ബി. എസ്.-ലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകിയ പേനാ വിതരണത്തിന്റെ ഉദ്ഘാടനം റവ. ഫാ. കുറിയാക്കോസ് കാലായിൽ നിർവ്വഹിക്കുന്നു.



വി. ബി. എസ്. സമാപനസമ്മേളനം ഫാ. ജോസി അട്ടച്ചിറ ഉദ്ഘാടനം ചെയ്യുന്നു. ഫാ. മാത്യു എം. ബാബു വടക്കേപറമ്പിൽ, ഫാ. ജോർജ് കുന്നേൽ, വെരി. റവ. ഫാ. ഇ. ടി. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പ ഇട്ട്യേടത്ത് തുടങ്ങിയവർ സമീപം



ജെ. എസ്. വി. ബി. എസി-ൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചതിനുള്ള ഒന്നാം സമ്മാനം, മണർകാട് സെൻട്രൽ സണ്ടേസ്കൂളിന് വേണ്ടി അദ്ധ്യാപകൻ ശ്രീ എം. എസ്. സ്കറിയ സൺഡേസ്കൂൾ ഇൻസ്പെക്ടർ ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിലിൽനിന്നും ഏറ്റുവാങ്ങുന്നു.



ജെ. എസ്. വി. ബി. എസി-ൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചതിനുള്ള വെള്ളൂർ നോർത്ത് സണ്ടേസ്കൂളിനുള്ള രണ്ടാം സമ്മാനം അദ്ധ്യാപകൻ ബിൽസൺ പി. ജേക്കബിന് സൺഡേസ്കൂൾ ഇൻസ്പെക്ടർ ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ നൽകുന്നു

## 3-ാം തവണയും സെഞ്ചൂറിയൻ കോടിപതി



**സൂസമ്മ മാത്യു (സുജ)**

എൽ. ഐ. സി. ഓഫ് ഇൻഡ്യാ ബ്രാഞ്ച് 2-ൽ നിന്നും 3-ാം തവണയും തുടർച്ചയായി സെഞ്ചൂറിയൻ കോടിപതി സ്ഥാനം കരസ്ഥമാക്കി. അമയന്നൂർ കുടത്തുംമുക്കിൽ കെ. എം. ജോണിന്റെ ഭാര്യയും മണർകാട് വാലയിൽ കുടുംബാംഗവുമാണ്.

മക്കൾ : ബോണി, ബിറ്റു. ഫോൺ: 2544438

## ജന്മദിനാശംസകൾ



അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ്
മെയ് 2



അഭിവന്ദ്യ ഗീവർഗീസ് മോർ ദീവന്നാസിയോസ്
മെയ് 5



അഭിവന്ദ്യ കുറിയാക്കോസ് മോർ ദിയസ്ക്കോറോസ്
മെയ് 11



അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ്
മെയ് 21



അഭിവന്ദ്യ മാത്യൂസ് മോർ തേവോദോസിയോസ്
മെയ് 4



അഭി. മാത്യൂസ് മോർ അപ്രേം
മെയ് 15

## മണർകാട് വിശുദ്ധ മർത്തമറിയം സിറിയൻ കത്തീഡ്രലിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു



മണർകാട് വിശുദ്ധ മർത്തമറിയം സിറിയൻ കത്തീഡ്രലിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 5, 6 തീയതികളിൽ പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു.

ഏപ്രിൽ 29-ാം തീയതി കൊടിമരം ഉയർത്തി.

മെയ് 5 ന് സന്ധ്യാപ്രാർത്ഥനയും രാത്രി 9.00 മണിക്ക് റാസായും തുടർന്ന് കരിമരുന്നു പ്രയോഗം, മാർഗ്ഗം കളി എന്നിവയും ഉണ്ടായിരുന്നു.

മെയ് 6-ാം തീയതി കൊല്ലം ഭദ്രാസനാധിപൻ അഭി. മാത്യൂസ് മോർ തേവോദോസിയോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും ഉച്ചക്ക് റാസായും തുടർന്ന് നേർച്ച വിളമ്പോടും കൂടി പെരുന്നാൾ സമാപിച്ചു.

ബഹു. വൈദീകർ, ട്രസ്റ്റിമാർ, സെക്രട്ടറി, കമ്മറ്റിയംഗങ്ങൾ എന്നിവർ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## വിവാഹാശംസകൾ



*പായിക്കാട്ടുവയലിൽ പി. എസ്. വർഗീസിന്റെ മകൻ മനോജ് പി.വി. യും കല്ലക്കടമ്പിൽ ജോൺ കുര്യന്റെ മകൾ ലിജിയും അഭിവന്ദ്യ കുര്യാക്കോസ് മോർ യൗസേബിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ മണർകാട് സെന്റ് മേരീസ് യാക്കോബായ സിറിയൻ കത്തീഡ്രലിൽവെച്ച് വിവാഹിതരായി. മനോജ് പി. വി. മലങ്കര യാക്കോബായ യൂത്ത് അസോസിയേഷൻ കേന്ദ്ര കമ്മിറ്റി അംഗമായും, സെൻട്രൽ സണ്ടേസ്കൂൾ അദ്ധ്യാപകനായും പ്രവർത്തിക്കുന്നു. യൂത്ത് അസോസിയേഷൻ കോട്ടയം ഭദ്രാസന സെക്രട്ടറി, മണർകാട് യൂണിറ്റ് സെക്രട്ടറി ജെ. എസ്. വി. ബി. എസ്. ഓർഗനൈസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.*

## യാക്കോബായ സഭ യൂത്ത് അസ്സോസിയേഷൻ മധ്യമേഖല വാർഷിക സമ്മേളനം



*യാക്കോബായ സഭ യൂത്ത് അസ്സോസിയേഷൻ മധ്യമേഖല വാർഷിക സമ്മേളനം വടവാതൂർ മാർ അപ്രേം യാക്കോബായ സുറിയാനി പള്ളിയിൽ യാക്കോബായ സഭ കോട്ടയം ഭദ്രാസന സെക്രട്ടറി വെരി. റവ. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ കിഴക്കേടത്ത് ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് ഡീക്കൻ വിജി കുരുവിള, റവ. ഫാ. ഷൈജു ജോസ് ചെന്നിക്കര, റവ. ഫാ. കുറിയാക്കോസ് കാലായിൽ, ഷൈജു സി. ഫിലിപ്പ്, റോണി വർഗീസ് എന്നിവർ സമീപം.*

വടവാതൂർ: അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ യുവാക്കൾക്ക് വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് വിജയിക്കുവാൻ സാധിക്കണമെന്ന് യാക്കോബായ സഭ കോട്ടയം ഭദ്രാസന സെക്രട്ടറി വെരി. റവ. കുറിയാക്കോസ് കിഴക്കേടത്ത് കോർഎപ്പിസ്കോപ്പ. യാക്കോബായ സഭ യൂത്ത് അസ്സോസിയേഷൻ മദ്ധ്യമേഖലാ വാർഷിക സമ്മേളനം വടവാതൂർ മാർ അപ്രേം യാക്കോബായ സുറിയാനിപ്പള്ളിയിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു കോർ എപ്പിസ്കോപ്പ. യേശുക്രിസ്തുവിന്റെ മനുഷ്യ അവതാരത്തിന്റെ സാക്ഷികളാകുവാൻ യുവസമൂഹത്തിന്റെ പ്രവർത്തനങ്ങൾ കൊണ്ട് കഴിയണമെന്നും പ്രതികരണശേഷിയുള്ള ആത്മീയതയിൽ ഊന്നിയ ഒരു പുത്തൻ തലമുറയെ വാർത്തെടുക്കുവാൻ കർമ്മ പരിപാടികൾക്ക് നേതൃത്വം കൊടുക്കുവാൻ യുവജനപ്രസ്ഥാനങ്ങൾക്ക് സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യൂത്ത് അസ്സോസിയേഷൻ മദ്ധ്യമേഖലാ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന വാർഷിക സമ്മേളനത്തിൽ റവ. ഫാ. ഷൈജു ജോസ് ചെന്നിക്കര, ഡീക്കൻ വിജി കുരുവിള, ഷൈജു സി. ഫിലിപ്പ്, റോണി വർഗ്ഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

# വിശുദ്ധ അത്താനാസ്യോസ് (295 – 373)

(പേജ് 3-ൽ നിന്നും തുടർച്ച)

അദ്ദേഹം ഒരുങ്ങിയില്ല. തന്റെ സ്നേഹിതരിൽ പലരും തന്നെ വിട്ട് അറിയൂസ് പക്ഷം ചേർന്നതിൽ അതീവ ദുഃഖിതനായിരുന്നു. അവർ ഇപ്രകാരം പ്രവർത്തിച്ചത് മരണശിക്ഷയെ ഭയന്നും പള്ളികളും സ്വത്തുക്കളും നഷ്ടമാകാതെയിരിപ്പാനുമായിരുന്നു. 'ഇന്നും കാര്യലാഭത്തിനുവേണ്ടിയും സാമ്പത്തിക നേട്ടത്തിനുവേണ്ടിയും പലരും വിശ്വാസം ത്യജിക്കാറുണ്ട്' ഒരിക്കൽ ചിലർ തന്നോട് സർവ്വലോകവും അങ്ങേക്കെതിരാകുന്നുവെന്ന് അങ്ങ് അറിയുന്നില്ലയോ എന്ന് ചോദിച്ചപ്പോൾ **'ലോകം മുഴുവൻ എനിക്കെതിരാണെങ്കിൽ ഞാൻ ആ ലോകത്തിനെതിരായി നിലകൊള്ളുന്നു'** എന്നു മറുപടി പറഞ്ഞു. അത്താനാസ്യോസിന്റെ പ്രവർത്തനഫലമായി കാർമേഘാവൃതമായിരുന്ന സഭാന്തരീക്ഷം സത്യവിശ്വാസപ്രഭയിലൂടെ തിളങ്ങി. 381 ൽ തേവോദോസ്യോസ് ചക്രവർത്തി വിളിച്ചുകൂട്ടിയതും കുസ്തന്തീനോപോലീസിൽ വച്ചു കൂടിയതുമായ രണ്ടാം പൊതു സുന്നഹദോസ് നിഖ്യാസുന്നഹദോസിലെ നിശ്ചയങ്ങൾ ഒന്നുകൂടി സ്ഥിരീകരിച്ചു.

അത്താനാസ്യോസിന്റെ ഏറ്റവും വലിയ വേദശാസ്ത്ര സംഭാവന മിശിഹാ ദൈവത്വത്തിൽ പിതാവിനോടു തുല്യനാണെന്നുള്ള പ്രഖ്യാപനമാണ്. പാപവീഴ്ചയിൽ നിന്നും യേശുക്രിസ്തു മോചനം നൽകി എന്നു സമർത്ഥിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അറിയൂസുകാർക്കെതിരായുള്ള കൃതിയും 'വി. വേദപുസ്തക വ്യാഖ്യാനങ്ങൾ വിശ്വാസ സംവാദപരമായി പുറജാതിക്കാർക്കെതിരെ' എന്നിവയും വചനം ജഡമായതിനെക്കുറിച്ച് എന്ന കൃതിയും നിഖ്യാസുന്നഹദോസിന്റെ പ്രഖ്യാപനങ്ങൾ എന്ന ലേഖനവും, അന്തോനിയോസിന്റെ ജീവചരിത്രം എന്ന ഗ്രന്ഥവും കൂടാതെ അനേകം ലേഖനങ്ങളും കൃതികളും അദ്ദേഹത്തിന്റെ സംഭാവനകളായി നമുക്ക് ലഭിച്ചിട്ടുണ്ട്. ശ്ലാഘനീയമായ ഇവയെല്ലാം അദ്ദേഹത്തിന്റെ ആത്മീയ വിശുദ്ധി വെളിപ്പെടുത്തുന്നു.

ഏ.ഡി. 366-ൽ വാലൻസ് ചക്രവർത്തി അത്താനാസ്യോസിനെ തിരിച്ചുവരുത്തുകയും സഭയുടെ ഭരണം ഭരമേല്പിക്കയും ചെയ്തു. പിന്നീട് ഏഴു വർഷം സമാധാനപരമായി ജീവിതം ചിലവഴിച്ചു. നിഖ്യാവിശ്വാസം മുറുകെ പിടിക്കുകയും അതു പഠിപ്പിക്കുകയും ചെയ്തു. വിശ്വാസപ്രമാണം പൊതുവേ സ്ഥിരപ്പെടുത്തി കാണാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചില്ലെങ്കിലും സത്യവിശ്വാസത്തിനുവേണ്ടി പോരാടി എന്നുള്ള ആത്മസംതൃപ്തിയും, ധന്യതയും അദ്ദേഹത്തിനു ലഭിച്ചു. തന്റെ പിൻഗാമിയായി പത്രോസിനെ വാഴിച്ചശേഷം 373 മെയ് 2-ാം തീയതി കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയി.

## കൃതികൾ

അത്താനാസ്യോസിന്റെ കൃതികളും അദ്ദേഹത്തിന്റെ കത്തുകളുടെ സുറിയാനിയിലുള്ള ആമുഖം, ജീവചരിത്രവും, നസ്യാൻസിയിലെ ഗ്രീഗോറിയോസിന്റെ പ്രസംഗവും, അലക്സാന്ത്രിയൻ സഭയിലെ രേഖകളും അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ ജീവിതത്തിലേക്ക് വെളിച്ചം വീശുവാൻ ഉതകുന്നവയാണ്.

വേദശാസ്ത്രപരമായും നിഖ്യാവിശ്വാസ പ്രമാണത്തോടു ബന്ധപ്പെട്ടും അറിയൂസുകാർക്കെതിരായും ജാതികൾക്കെതിരായും തന്റെ ചിന്ത പ്രതിഫലിപ്പിക്കുന്ന കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

പുറജാതിക്കാർക്കെതിരെ എന്ന കൃതിയിൽ പുറജാതികളുടെ പുരാണങ്ങൾ, ആരാധനവിശ്വാസം എന്നിവയുടെ ബന്ധമാണുള്ളത്. വിഗ്രഹാരാധനയുടെ അധാർമ്മികതയും ഭോഷത്വവും ഇതിൽ ചൂണ്ടികാട്ടുന്നു. ഏകദൈവവിശ്വാസത്തിന് ഊന്നൽ കൊടുക്കുകയും ചെയ്യുന്നു. മനുഷ്യജാതിയുടെ വീഴ്ചയിൽ നിന്നുള്ള വീണ്ടെടുപ്പ് മിശിഹായുടെ മനുഷ്യാവതാരം വഴിയേ സാദ്ധ്യമാകൂ എന്നും ഇവയിലൂടെ ചൂണ്ടിക്കാണിക്കുന്നു.

367 ൽ എഴുതപ്പെട്ട ഈസ്റ്റർ ലേഖനത്തിൽ 27 പുതിയ നിയമ ഗ്രന്ഥങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അറിയൂസിന്റെ വേദവിപരീതത്തിനെതിരെ ലോകം മുഴുവനുള്ള മെത്രാന്മാർക്ക് ശ്രദ്ധേയമായ മുന്നറിയിപ്പ് നല്കിയിരിക്കുന്നതായും കാണാം. (339 ൽ)

നാലാം നൂറ്റാണ്ടിലെ ദൈവശാസ്ത്രത്തിന്റെ ചരിത്രം അത്താനാസ്യോസിന്റെ ചരിത്രമാണെന്ന് തീർത്തു പറയാം. കർത്താവിൽ നിന്നും കിട്ടിയതും, അപ്പോസ്തലന്മാർ പ്രസംഗിച്ചതും പിതാക്കന്മാർ കാത്തുസൂക്ഷിച്ചതുമായ പാരമ്പര്യങ്ങളും വിശ്വാസങ്ങളും കാത്തുസൂക്ഷിക്കുവാൻ അറിയൂസിനെതിരെ പോരാടിയ മഹത് വ്യക്തിയാണ് വി.അത്താനാസ്യോസ്.

ദൈവവേലയ്ക്കു സ്വയം സമർപ്പിച്ചവർക്ക് ഒരു മാതൃകാജീവിതം കാട്ടികൊടുക്കുന്നതിനുവേണ്ടിയാണ് വി. അന്തോനിയോസിന്റെ ജീവചരിത്രം (357-ൽ) രചിച്ചത്. കന്യകകൾക്കായുള്ള ഉപദേശങ്ങൾ അടങ്ങിയ ഒരു ലേഖനം ഈ വിശുദ്ധ പിതാവെഴുതിയിട്ടുണ്ട്. സങ്കീർത്തനവായനയിലും പ്രാർഥനയിലും കഴിയുവാൻ അവരെ ഉപദേശിക്കുന്നു. കർത്താവിന്റെ മണവാട്ടിയായി അവരെ താൻ കാണുന്നു. കോപ്റ്റിക്, സുറിയാനി ഭാഷയിലുള്ള പ്രസംഗങ്ങളുടെ അനേകം കൈയ്യെഴുത്തു പ്രതികളും കണ്ടെത്തിയിട്ടുണ്ട്.

പിതൃ പുത്രബന്ധം, പുത്രന്റെ ജനനം എന്നിവ വ്യക്തമായും അദ്ദേഹം പഠിപ്പിച്ചു. വിശുദ്ധവും പൂർണ്ണവുമായ ഒന്നാണ് ത്രിത്വം. അതു കൂട്ടിചേർക്കാത്തതും കലർപ്പില്ലാത്തതുമാണ്. അതു സൃഷ്ടിക്കപ്പെട്ടതല്ല, സൃഷ്ടിക്കുന്നതാണ്. അതിനെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ദൈവമായി നാം പ്രഖ്യാപിക്കുന്നു. അതിന്റെ പ്രവർത്തനം ഒന്നാണ്. പിതാവു പുത്രൻ വഴി പരിശുദ്ധാത്മാവിൽ എല്ലാം ചെയ്യുന്നു. ഇങ്ങനെ പരിശുദ്ധമായ ത്രിത്വത്തിന്റെ ഐക്യം പരിപാലിക്കപ്പെടുന്നു. വചനം എന്ന മാദ്ധ്യമം വഴിയെ പിതാവിന് സൃഷ്ടിക്കാൻ കഴിയൂ. വചനം ആദ്യ സൃഷ്ടിയാണ്. പരിശുദ്ധാത്മാവ് വചനത്തിന്റെ ആദ്യ സൃഷ്ടിയാണ് എന്ന് അറിയൂസ് പഠിപ്പിച്ചു. വി. അത്താനാസ്യോസ് ഇതിനെ പാടെ തള്ളിക്കളയുന്നു. അദ്ദേഹം ഇതിനെ പാടെ തള്ളിക്കളയുകയും ദൈവം ഏകനും അദ്വിതീയനും മൂന്ന് ആളത്വങ്ങളിൽ സ്ഥിതി ചെയ്യുന്നവനും സൃഷ്ടികർത്താവുമാണ് എന്നു പഠിപ്പിക്കുകയും ചെയ്യുന്നു. അറിയൂസ് വചനത്തെയും പരിശുദ്ധാത്മാവിനേയും സൃഷ്ടിയാക്കുമ്പോൾ അത്താനാസ്യോസ് പുത്രനെ പിതാവിനോടുകൂടി പിതാവാം ദൈവത്വത്തിന്റെ പൂർണ്ണതയുള്ളവനാക്കുന്നു. ആ പുത്രൻ പ്രകാശത്തിൽനിന്നുള്ള പ്രകാശമാകുന്നു. സൂര്യനിൽനിന്നും പ്രകാശം പരക്കുന്നതുപോലെ പിതാവും പുത്രനും ഒന്നാകുന്നു. ഞാനും എന്റെ പിതാവും ഒന്നാകുന്നു. എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. ഈ വാക്യങ്ങൾ സമത്വം വ്യക്തമാക്കുന്നു.

യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഉണ്ട്. ഏകവ്യക്തിയിലിതു രണ്ടും ഒന്നിച്ചു വസിക്കുന്നു. അതുകൊണ്ട് വ്യക്തിപരമായ ഐക്യത്തിന് ഒരു കോട്ടവും തട്ടിയിട്ടില്ല. മനുഷ്യനെന്ന നിലയിൽ ലാസറിന്റെ മരണത്തിൽ ദുഃഖിക്കുകയും ദൈവം എന്ന നിലയിൽ അവനെ ഉയിർപ്പിക്കുകയും ചെയ്തു. അവൻ ശരീരത്തിൽ പീഡ ഏറ്റെങ്കിലും ദൈവമെന്ന നിലയിൽ കല്ലറ തുറക്കുകയും ചെയ്തു.

കന്യകമറിയത്തെ ദൈവമാതാവെന്ന് അത്താനാസ്യോസ് വിളിച്ചു. പരിശുദ്ധാത്മാവ് പിതാവിൽ നിന്നു പുറപ്പെട്ട ദൈവമാണെന്നും അവൻ വ്യക്തിത്വം ഉള്ളവനും കർത്താവുമാണെന്നും വി. അത്താനാസ്യോസ് പഠിപ്പിച്ചു.

# സുവിശേഷകനായ വി. യോഹന്നാൻ ശ്ലീഹ

ബെത്ത്സയിദക്കാരായ സെബദിയുടെയും ശലോമിയുടെയും ഇളയ മകനായ യോഹന്നാൻ ഗലീലയിൽ ജനിച്ചു. സെബദിപുത്രന്മാരായ യാക്കോബും യോഹന്നാനും സ്നാപകയോഹന്നാന്റെ ശിഷ്യന്മാരായിരുന്നു. യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ച് "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്ന് സാക്ഷിച്ചപ്പോൾ (യോഹ. 1:35-37) അന്ത്രയോസിനോടു കൂടെ മശിഹായെ അനുഗമിച്ച ശിഷ്യനാണ് യോഹന്നാൻ (അബ്ദുൽ ആഹാദ് റമ്പാൻ, 1948). സെബദിയും പുത്രന്മാരും മീൻപിടുത്തക്കാരായിരുന്നു (മത്തായി 4:21).

യോഹന്നാൻ മറ്റു ശിഷ്യന്മാരിൽനിന്ന് പല കാരണങ്ങളാൽ വ്യത്യസ്തനായിരുന്നു. യോഹന്നാൻ മറ്റെല്ലാ ശിഷ്യന്മാരെക്കാൾ പ്രായം കുറഞ്ഞവനായിരുന്നു. യേശു ഏറ്റവും സ്നേഹിച്ച ശിഷ്യനെന്ന് പരാമർശിച്ചിരിക്കുന്നത് യോഹന്നാൻ ശ്ലീഹായെക്കുറിച്ചാണ്. രക്തസാക്ഷിമരണം പ്രാപിക്കാതിരുന്ന ഏകശിഷ്യനാണ് വി. യോഹന്നാൻ. യേശുവിന്റെ ക്രൂശാരോഹണ സമയത്ത് കുരിശിന്റെ ചുവട്ടിൽ മറിയാമിനോടും മറ്റു സ്ത്രീകളോടും കൂടെ ഉണ്ടായിരുന്ന ഏകശിഷ്യനാണ് യോഹന്നാൻ.

ബോവനേർഗസ് അഥവാ ''ഇടിമുഴക്കത്തിന്റെ മക്കൾ'' എന്നാണ് യാക്കോബും യോഹന്നാനും അറിയപ്പെട്ടിരുന്നത് (മർക്കോ. 3:17). ഈ പേരിന് അടിസ്ഥാനം അവരുടെ തീക്ഷ്ണത, ശുഷ്ക്കാന്തി എന്നീ ഗുണങ്ങളാണെന്ന് കരുതപ്പെടുന്നു (മർക്കോസ് 9:38; ലൂക്കോസ് 9:52-56; നെൽസൺ എൻസൈക്ലോപീഡിയ, 1913).

യേശുക്രിസ്തുവിനോടുകൂടെ, പല പ്രധാന സംഭവങ്ങൾക്കും യോഹന്നാൻ സാക്ഷിയായിരുന്നു. എ. ഡി. 28-ൽ യായിറോസിന്റെ മകളെ ഉയർപ്പിച്ചപ്പോഴും (ലൂക്കോ. 8:41-42; 49-56); പത്രോസിന്റെ അമ്മാവിയമ്മയെ സുഖപ്പെടുത്തിയ സന്ദർഭത്തിലും (മർക്കോസ് 1:29-31); എ. ഡി. 29-ൽ മറുരൂപമലയിലും (മത്തായി 17:1-2); എ. ഡി. 30-ൽ ഗത്സീമോനിൽ പ്രാർത്ഥിക്കാൻ പോയപ്പോഴും (മത്തായി 26:37) യോഹന്നാൻ ശ്ലീഹ കൂടെ ഉണ്ടായിരുന്നു.

യേശുമശിഹായുടെ ക്രൂശാരോഹണത്തിനുശേഷം യോഹന്നാൻ തന്റെ ശിഷ്ടായുസ്സ് ഊർശ്ലേമിലും എഫേസോസിലുമായി ചിലവഴിച്ചു. യേശുവിന്റെ അമ്മ മറിയാമിനെ യേശു യോഹന്നാനെ ഭരമേല്പിച്ചതിനാൽ (യോഹ. 19:25-27). വി. കന്യകമറിയാം യോഹന്നാനോടുകൂടെ താമസിച്ചു. യോഹന്നാൻ എ. ഡി. 52 വരെ യെരുശലേമിൽ താമസിക്കുകയും പിന്നീട് എഫേസോസിലേക്കു പോകുകയും ചെയ്തു.

ഡയാനാ ദേവിയുടെ പുരോഹിതൻ ഒരിക്കൽ യോഹന്നാനെ വെല്ലുവിളിച്ചെന്നും, വിഷം കുടിപ്പിച്ചെന്നും എന്നിട്ടും യാതൊരാപത്തും ഉണ്ടായില്ലെന്നും ചില എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട് (ഡേ, 2002). എ.ഡി-95-ൽ ഡൊമിഷ്യൻ (ദൊമത്തിയാനോസ്) ചക്രവർത്തിയുടെ ആജ്ഞയനുസരിച്ച് യോഹന്നാനെ റോമിലേക്ക് കൊണ്ടുപോകുകയും സൈത്തെണ്ണയിലിട്ട് വറുത്തെങ്കിലും യാതൊന്നും സംഭവിച്ചില്ലെന്ന് തെർത്തുല്യൻ രേഖപ്പെടുത്തിയിട്ടുണ്ട്. യോഹന്നാനെ പിന്നീട് ഒരു വർഷത്തേക്ക് (എ.ഡി. 95-96) പത്മോസ് ദ്വീപിലേക്ക് നാടുകടത്തി.

വി. യോഹന്നാൻ ശ്ലീഹ ഏഷ്യാമൈനറിൽ (ടർക്കി) നിരവധി പള്ളികൾ സ്ഥാപിച്ചു. സുവിശേഷവും മൂന്നു ലേഖനങ്ങളും, യോഹന്നാനുണ്ടായ വെളിപാടും ശ്ലീഹ എഴുതിയതാണ്. വി. സുവിശേഷം എഫേസോസിൽവച്ചും വെളിപാടുപുസ്തകം പത്മോസ് ദ്വീപിൽവച്ചും എഴുതിയെന്ന് കരുതപ്പെടുന്നു.

വളരെ പ്രായമായതിനുശേഷം മറ്റു ശിഷ്യന്മാരുടെയെല്ലാം രക്തസാക്ഷിമരണത്തിനുശേഷം, ഉദ്ദേശം 120 വയസ്സുള്ളപ്പോൾ എ. ഡി. 100-ൽ വി. യോഹന്നാൻ നിര്യാതനായി. എഫേസോസിൽ കബറടക്കുകയും കബറിടത്തിനു മുകളിൽ ഒരു പള്ളി പണിയുകയും ചെയ്തു. പിന്നീട് ഈ കബറിട പള്ളി ഒരു മുസ്ലീം പള്ളിയായി രൂപാന്തരപ്പെടുത്തി. വി. യോഹന്നാൻ ശ്ലീഹായുടെ പെരുന്നാൾ മെയ് 8-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

## തിരുത്ത്

കോലോസുറിയോയോയുടെ ഏപ്രിൽ ലക്കത്തിൽ പള്ളിമണിയുടെ തൂക്കം തെറ്റായി രേഖപ്പെടുത്തിയതിൽ നിർവ്യാജം ഖേദിക്കുന്നു. അച്ചടിയിലുണ്ടായ പിശകാണ്.

*എഡിറ്റർ*

# കുഴിപ്പുരയിടം തെക്കുംഭാഗം സെന്റ്മേരീസ് പ്രാർത്ഥനായോഗം സുവർണ്ണ ജൂബിലി സമാപിച്ചു



മണർകാട് കുഴിപ്പുരയിടം തെക്കുംഭാഗം സെന്റ് മേരീസ് പ്രാർത്ഥനായോഗത്തിന്റെ സുവർണ്ണ ജൂബിലി സമാപനസമ്മേളനം ഗീവർഗീസ് മോർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. തോമസ് മറ്റത്തിൽ, ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, കരിമ്പനത്തറ ഏബ്രഹാം കോർ എപ്പിസ്കോപ്പ തുടങ്ങിയവർ സമീപം.

മണർകാട്: കുഴിപ്പുരയിടം തെക്കുംഭാഗം സെന്റ് മേരീസ് പ്രാർത്ഥനയോഗത്തിന്റെ ഒരു വർഷം നീണ്ടുനിന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം മെയ് 4-ന് നടത്തി. സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് 3 ദിവസത്തെ വചനപ്രഘോഷണം നടത്തി. സമാപനസമ്മേളനം അഭി. ഗീവർഗീസ് മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വെരി. റവ. ഫാ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പായേയും, വെരി. റവ. ഫാ. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായേയും മെമെന്റോ നൽകി ആദരിച്ചു. റവ. ഫാ. എം. ഐ. തോമസ് മറ്റത്തിൽ പ്രാർത്ഥനായോഗം പ്രസിഡന്റ് എം. ഐ. ഐസക്ക് എന്നിവർ പ്രസംഗിച്ചു.

# കർത്താവിൽ നിദ്രപ്രാപിച്ചു

വെള്ളൂർ: പൊക്കണാമറ്റത്തിൽ മത്തായി (60).

അമയന്നൂർ: ഒറവയ്ക്കൽ അന്നമ്മ മാണി (80)

തിരുവഞ്ചൂർ: ആറുപറയിൽ വി. സി. ഏബ്രഹാം (56)

വെള്ളൂർ: ആനിവേലിൽ അന്നമ്മ കുരുവിള (43)

മണർകാട്: മൂലയിൽ കുര്യൻ തോമസ് (80)

മാലം : തുരുത്തിപറമ്പിലായ തൊട്ടിയിൽ അന്നമ്മ തോമസ് (90)

മാലം: ഒറവയ്ക്കലായ മുളന്താനത്ത് എം. എ. ജേക്കബ് (91)

മണർകാട്: മാളിയേക്കൽ ഐസക്ക് എം. ഐ (78).

അമയന്നൂർ: വടക്കേപറമ്പിൽ റവ. ഫാ. മാത്യു എം. ബാബു അച്ചന്റെ മാതാവ് അച്ചാമ്മ (90)

വടവാതൂർ: പൊടിമറ്റത്തിൽ അച്ചാമ്മ മാത്യു (94).

അരീപ്പറമ്പ്: വെട്ടിക്കുന്നേലായ പാതയിൽ ഏലിയാമ്മ മാമ്മൻ(90)

തിരുവഞ്ചൂർ: പായിപ്ര ഏബ്രഹാം (78)

## രചനകൾ/പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു

കുഞ്ഞുനാളങ്ങൾ എന്ന ബാലപംക്തിയിലേയ്ക്ക് ചെറുകഥ, കവിത, ചിത്രങ്ങൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. ഇടവകയുമായി ബന്ധപ്പെട്ട ചരമം, വിവാഹം, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ വാർത്തകളും എത്തിച്ചുതരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

ഉപകാരസ്മരണ, ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം, സണ്ടേസ്കൂൾ വാർഷികം, പ്രാർത്ഥനായോഗ വാർഷികം കുടുംബയോഗം തുടങ്ങിയ വിശേഷങ്ങളുടെ പരസ്യങ്ങൾ വളരെ കുറഞ്ഞ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ യൂത്ത് അസോസിയേഷൻ സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: സെക്രട്ടറി: 9745009151, എഡിറ്റർ: 9446073942, 9249935038.

# വാർഷികം നടത്തി

പത്താഴക്കുഴി വി. മർത്തമറിയം സൺഡേസ്കൂളിന്റെയും പ്രാർത്ഥനായോഗത്തിന്റെയും വനിതാ സമാജത്തിന്റെയും സംയുക്ത വാർഷികം മെയ് 11-ാം തീയതി സൺഡേസ്കൂൾ ഹാളിൽ വെച്ച് നടത്തി.

റവ. ഫാദർ മാത്യൂസ് വടക്കേടത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗം റവ. ഫാദർ മാത്യു എം. ബാബു വടക്കേപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് കുട്ടികളുടെ സമ്മാനദാനവും നിർവ്വഹിച്ചു. വനിതാ സമാജത്തിന്റെ മുതിർന്ന അംഗങ്ങളെ പൊന്നാട അണിയിക്കുകയും ചെയ്തു. മനു തോമസ് സ്വാഗതവും സുരേഷ് ജോൺ കൃതജ്ഞതയും രേഖപ്പെടുത്തി.

# ഫാ. ടി.സി. മാത്യൂസ് തുരുത്തേൽ



പേരൂർ: തുരുത്തേൽ പരേതനായ യാക്കോബ് കശ്ശീശയുടെ മകൻ മർത്തശ്മൂനി യാക്കോബായ സുറിയാനി പള്ളി വികാരിയും യാക്കോബായ സഭാ മാനേജിംഗ് കമ്മറ്റി അംഗവുമായ ഫാ. ടി.സി. മാത്യൂസ് തുരുത്തേൽ (55) നിര്യാതനായി. സംസ്കാരം ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെയും തോമസ് മോർ തീമോത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, ഗീവർഗീസ് മോർ ദീവന്നാസിയോസ്, ഡോ. ഗീവറുഗീസ് മോർ കൂറീലോസ് എന്നീ മെത്രാപ്പോലീത്തമാരുടെയും കാർമ്മികത്വത്തിൽ മർത്തശ്മൂനി പള്ളിയിൽ നടത്തപ്പെട്ടു. തിരുവഞ്ചൂർ സെന്റ് മേരീസ്, തിരുവഞ്ചൂർ സെന്റ് തോമസ്, ഇല്ലിക്കൽ സെന്റ് മേരീസ്, പേരൂർ സെന്റ് ഇഗ്നാത്തിയോസ്, വെള്ളൂത്തുരുത്തി സെന്റ് മേരീസ്, നീലിമംഗലം സെന്റ് മേരീസ്, വാഴൂർ സെന്റ് ജോർജ് എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. താഴത്തേടത്ത് കുടുംബയോഗം പ്രസിഡന്റാണ്. ഭാര്യ - അമയന്നൂർ മണലേൽ കുടുംബാംഗം ജിബി. മകൻ ജേക്കബ്കുട്ടി. അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതിയുടെ മുൻനിര പോരാളിയായിരുന്നു അച്ചൻ. സത്യവിശ്വാസസംരക്ഷണ സമിതിയുടെ ഭദ്രാസനതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# ഫ്ളാഷ്... ഫ്ളാഷ്... ഫ്ളാഷ്... തിരുശേഷിപ്പ് ചരിത്രം...!

മഹാ പരിശുദ്ധനായ ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് പുതുപ്പള്ളിയിലും ചന്ദനപ്പള്ളിയിലും മറ്റും സ്ഥാപിച്ചു എന്ന വാർത്ത പുറത്ത് വന്നത് 2004 ലായിരുന്നു. 1916 ൽ വട്ടശ്ശേരി തിരുമേനി മർദ്ദീൻ യാത്ര നടത്തിയപ്പോൾ, തിരുശേഷിപ്പ് പാത്രിയർക്കീസ് ബാവ നൽകിയതാണ് എന്നും ഇത്രയും കാലം കുണ്ടറ സെമിനാരി ചാപ്പലിൽ വച്ചിരുന്നു എന്നും മറ്റുമാണ് കാതോലിക്കാ പക്ഷം പ്രചരിപ്പിച്ചത്. 1916-ൽ വട്ടശ്ശേരിൽ തിരുമേനി മർദീൻ യാത്ര നടത്തി എന്ന് പറഞ്ഞത് വെറും നുണയാണെന്ന് സഭാ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. നുണപ്രചരണം നടത്തുന്നത് കാതോലിക്കാ കക്ഷിക്ക് പുത്തരിയല്ലല്ലോ! കുണ്ടറ സെമിനാരിയുടെ മാനേജരായ ഫാ. ഡോ. എം.ഒ. ജോണച്ചന്റെ പത്രം ഇപ്പോൾ പറയുന്നു; ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്കാണ് പാത്രിയർക്കീസ് ബാവാ തിരുശേഷിപ്പ് നൽകിയത് എന്ന്! (മലങ്കര സഭാ ദീപം ഏപ്രിൽ 16-30). ഇനി ആരൊക്കെ ഈ പട്ടികയിൽ വരുമെന്ന് നമുക്ക് കാത്തിരുന്ന് കാണാം. ഒരു നുണ സ്ഥാപിക്കാൻ 100 നുണ വേണ്ടി വരുമെന്ന് പഴമക്കാർ പറഞ്ഞത് എത്ര ശരിയാണ്.

മൂവാറ്റുപുഴയ്ക്ക് സമീപമുള്ള കാരക്കുന്നം സെന്റ് മേരീസ് യാക്കോബായ പള്ളിയുടെ ചാപ്പലിലാണ് ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് മലങ്കരയിലാദ്യം സ്ഥാപിതമായത്. ഏ.ഡി. 1752 ലാണ് പ്രതിഷ്ഠിച്ചത്. പെരുമ്പള്ളി പള്ളിയുടെ കുരിശടിയിൽ ഔഗേൻ ബാവാ ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ചതിന് ശേഷം അത്ഭുതസംഭവങ്ങൾ നടന്നതിനെ വിമർശിച്ച് ലേഖനമിറക്കിയത് കാതോലിക്കാ കക്ഷിക്കാരുടെ 'ഏറ്റവും വലിയ ചരിത്രകാരൻ' (?) ഇസെഡ് എം. പാറേട്ട് ആയിരുന്നു. ഗീവറുഗീസ് സഹദായുടെ ശരീരം തുണ്ടം തുണ്ടമാക്കി വധിച്ചതിനാൽ തിരുശേഷിപ്പ് ലഭിക്കാൻ സാധ്യതയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. വി. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് ആർക്കാണ് ലഭിച്ചത് എന്നതിനെചൊല്ലി വ്യത്യസ്ത നിലപാടുകൾ എടുത്തിരിക്കുന്നവരെ നോക്കി കറിയാക്കുട്ടിച്ചായന്റെ ആത്മാവ് എന്തു പറയുന്നുവോ എന്തോ?

*കടപ്പാട്: വിശ്വാസസംരക്ഷകൻ*

## കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പയുടെ ബെസ്ക്യാമ്മ നിര്യാതയായി

കാഞ്ഞിരമറ്റം: മലങ്കര യാക്കോബായ സുറിയാനി സഭയുടെ വൈദിക ട്രസ്റ്റി മലങ്കര മല്പ്പാൻ ഡോ. കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പയുടെ ഭാര്യ സാറാമ്മ (91) നിര്യാതയായി. മുളന്തുരുത്തി കാട്ടുമങ്ങാട്ട് കട്ടപ്പിള്ളിൽ കുടുംബാംഗമാണ്. സംസ്കാരം കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ നടത്തപ്പെട്ടു. വീട്ടിലെ ശുശ്രൂഷകൾക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവാ, മെത്രാപ്പോലീത്തന്മാരായ ജോസഫ് മോർ ഗ്രീഗോറിയോസ്, ഗീവർഗീസ് മോർ ദീവന്നാസിയോസ്, ഡോ. കുറിയാക്കോസ് മോർ തേയോഫിലോസ്, മാത്യൂസ് മോർ അഫ്രേം, ഏലിയാസ് മോർ അത്താനാസിയോസ് എന്നിവർ നേതൃത്വം നൽകി. പള്ളിയിലെ ശുശ്രൂഷകൾക്ക് മെത്രാപ്പോലീത്തന്മാരായ ജോസഫ് മോർ ഗ്രീഗോറിയോസ്, ഏലിയാസ് മോർ അത്താനാസിയോസ് എന്നിവർ നേതൃത്വം നൽകി.

# സായാഹ്നധ്യാനം നടത്തി

മണർകാട് വിശുദ്ധ മർത്തമറിയം യക്കോബായ സുറിയാനി കത്തീഡ്രലിൽ എല്ലാമാസവും നടത്തിവരാറുള്ള പ്രതിമാസ സായാഹ്നധ്യാനം സെന്റ്മേരീസ് യൂത്ത് അസോസിയേഷന്റെ സഹകരണത്തിൽ ഏപ്രിൽ മാസം 23, 24, 25 തീയതികളിൽ നടത്തി.

റവ. ഫാ. ഷമ്മി ജോൺ, റവ. ഫാ. ജോസഫ് പുത്തൻപുര, റവ. ഫാ. യൽദോസ് പാലക്കുന്നേൽ എന്നിവർ ധ്യാനപ്രസംഗം നടത്തി.

സമർപ്പണ പ്രാർത്ഥനയ്ക്ക് റവ. ഫാ. മാത്യൂസ് മണവത്തും ധ്യാനയോഗങ്ങൾക്ക് വെരി. റവ. ഫാ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ ഇട്ട്യാടത്ത്, റവ. ഫാ. കുറിയാക്കോസ് കാലായിൽ എന്നിവരും നേതൃത്വം നൽകി.

# സർക്കാർ പദ്ധതിക്കായി മണർകാട് പള്ളി ലോട്ടറിയെടുത്തു



ലക്ഷം വീട് കോളനി പുനരുദ്ധാരണത്തിനായുള്ള കേരള സർക്കാരിന്റെ ഭാഗ്യക്കുറി കോട്ടയം ജില്ലാ കളക്ടർ ഡോ. ഷർമ്മിള മേരിജോസഫ് റവ. ഫാ. ഇ. ടി. കുര്യാക്കോസ് കോർഎപ്പിസ്കോപ്പായ്ക്ക് നൽകുന്നു. ട്രസ്റ്റിമാർ, സെക്രട്ടറി തുടങ്ങിയവർ സമീപം.



ജെ. എസ്. വി. ബി. എസ്. സമാപന റാലിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ശീതളപാനീയം നൽകുന്നു.

# ഇടവക മെത്രാപ്പോലീത്തായ്ക്ക് ജന്മദിനാശംസകൾ

മെയ് 2-നു ജന്മദിനം ആഘോഷിച്ച അഭിവന്ദ്യ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലേക്ക് യൂത്ത് അസോസിയേഷന്റെയും കോലോ സുറിയോയുടെയും പ്രാർത്ഥനാപൂർവ്വമായ മംഗളാശംസകൾ. അരീപറമ്പ് വി. മർത്തമറിയം യാക്കോബായ സുറിയാനിപ്പള്ളി ഇടവകാംഗമായ അഭിവന്ദ്യ തിരുമനസ് സ്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ ശെമാശ്ശനായി വൈദീക ശുശ്രൂഷ യിലേക്ക് കടന്നു വന്നു. സഭാ യോജിപ്പിനുശേഷം പഴയ സെമിനാരിയിലെ പഠനകാലത്ത് സഭയിൽ വീണ്ടും കലഹം ആരംഭിച്ചപ്പോൾ അഭിവന്ദ്യ തിരുമേനി അവിടുത്തെ പഠനം അവസാനിപ്പിച്ചു മഞ്ഞനിക്കര ദയറായിൽ വൈദീക വിദ്യാഭ്യാസവും സുറിയാനി ഭാഷയിൽ അവഗാഹവും നേടി. എം. എ., ബി.എഡ് ബിരുദങ്ങൾ സമ്പാദിച്ചതിനുശേഷം ജർമ്മനിയിലെ ബോട്ടിങ്ങ്ഹാം യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി. അഭി. പൗലോസ് മോർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽനിന്നും (ശ്രേഷ്ഠ ബാവാ) വൈദീക പട്ടമേറ്റു. 1990-ൽ ശ്രേഷ്ഠ പൗലോസ് ദ്വിതിയൻ ബാവായിൽനിന്ന് ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായായി സ്ഥാനമേറ്റു. 1995-ൽ ബഹു. സുപ്രീം കോടതിയിൽനിന്നും സഭാക്കേസ്സിൽ വിധിയുണ്ടായപ്പോൾ, സഭയിൽ യോജിപ്പുണ്ടാകുന്ന പക്ഷം പുതുതായി രൂപപ്പെടുന്ന ഹൈരാർക്കിയുടെ കീഴിൽ ഞാൻ വരില്ലായെന്ന് പ്രഖ്യാപിച്ച മെത്രാപ്പോലീത്തയാണ് അഭിവന്ദ്യ തിരുമേനി. പരിശുദ്ധ സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായ്ക്കും ശ്രേഷ്ഠ പൗലോസ് ദ്വിതിയൻ ബാവായ്ക്കും ഇതു സംബന്ധിച്ച് രേഖാമൂലമായ ഉറപ്പ് നൽകുകയും ചെയ്തു. 2002-ലെ പരുമല അസോസിയേഷൻ നടത്തിപ്പിന് കോടതി നിയമിച്ച ജസ്റ്റീസ് മളീമഠിനോട് സംസാരിക്കുവാൻ സഭ നിയോഗിച്ചത് അഭി. തിരുമനസ്സിനെയാണ്. കോട്ടയം ഗസ്റ്റ് ഹൗസിൽ വെച്ച് നടത്തിയ ചർച്ചയിൽ യാക്കോബായ സഭയെ കെണിയിൽ വീഴ്ത്താനുള്ള മെത്രാൻകക്ഷിക്കാരന്റെ ഗൂഢന്ത്രം മനസ്സിലാക്കി അഭിവന്ദ്യ തിരുമനസ്സുകൊണ്ട് യോഗത്തിൽനിന്ന് ഇറങ്ങിപ്പോരുകയും തുടർന്ന് സഭയുടെ നേതൃത്വത്തിൽ പുത്തൻകുരിശിൽ അസോസിയേഷൻ കൂടുകയും ഭരണഘടന പാസ്സാക്കുകയും ചെയ്തു.

1999-ൽ അഭിവന്ദ്യ പെരുമ്പള്ളി തിരുമേനി കാലം ചെയ്തതിനുശേഷം കോട്ടയം ഇടവകയുടെ ചുമതല അഭിവന്ദ്യ തിരുമനസ്സിനെ സഭ ഏല്പിച്ചു. നിർണ്ണായകമായ ആ കാലഘട്ടത്തിൽ മലങ്കരയിലെ പല ഭദ്രാസനകളിലും കലഹങ്ങൾ ആരംഭിക്കുകയും. പല ദൈവാലയങ്ങളും വൈദീകരും സഭയ്ക്ക് നഷ്ടപ്പെടുകയും ചെയ്തപ്പോൾ കോട്ടയം ഭദ്രാസനത്തെ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ നിലനിർത്തി. അഖില ലോക സഭാ കൗൺസിലുകളിൽ സഭയുടെ പ്രതിനിധിയും ഇൻഡ്യയിലെ എപ്പിസ്കോപ്പൽ സഭകളുടെ പൊതുവേദിയായ എൻ. സി. സി. ഐ. യുടെ വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയും, ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ കേരള ഓക്സിലറിയുടെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## ആദരാഞ്ജലികൾ



വി. ഇ. സ്കറിയ

പാലാത്തറയിൽ

Inserted by Suresh John

Best compliments from:

Regency TILES

The Fine Art of Living

THURUTHIPALLIL AGENCIES

PAKKIL, KOTTAYAM-12. PH: 0481-2361010 (M) 9447568299

Authorised Stockist for

Regency Ceramic Tiles, Sankar Cement, Ultra Tech Cement, Malabar Cement, Zuari Cement, Mycem Cement, Everest A. C. Sheet

Published by St. Mary's Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam